പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ ദിവസവേതനം വർദ്ധിപ്പിക്കാൻ നടപടി

245 (6696) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനം ചെയ്തുവരുന്നവരുടെ പരിമിതമായ ദിവസ വേതനം കാലാനുസൃതമായി പരിഷ്കരിച്ചുനൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പട്ടികവർഗ്ഗ വകുപ്പിനു കീഴിലുള്ള ഹോസ്റ്റലുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന പാചകക്കാരുടെ പ്രതിദിന വേതനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

യുവജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

246 (6697) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കല-കായിക മേഖലകളിൽ പ്രതിഭ തെളിയിക്കുന്ന യുവതീ-യുവാക്കൾക്ക് സർക്കാർ തലത്തിൽ ജോലി ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാന യുവജന കമ്മീഷൻ 2014-15 സാമ്പത്തിക വർഷം യുവജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ് :

1. പട്ടികജാതി/ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ.
2. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കോളേജുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ.
3. സെമിനാർ, സിംപോസിയം, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly